**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **23-02-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ പുതിയ സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കുറിച്ചിയിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള നടപടികൾ KSEBL ആരംഭിച്ചിട്ടുണ്ട് |
| (ബി) | സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപമുള്ള സർക്കാർ പുറമ്പോക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപത്തുള്ള സർക്കാർ പുറമ്പോക്ക് സ്ഥലം സബ്സ്റ്റേഷന് അനുയോജ്യമാണ് എന്ന് KSEBL കണ്ടെത്തിയിട്ടുണ്ട് |
| (സി) | പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി.യുടെ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സബ്സ്റ്റേഷന്റെ സാങ്കേതിക സാധ്യത നിർണ്ണയിക്കുന്നതിനുള്ള സാങ്കേതിക പഠനത്തിന് അംഗീകാരം ലഭിച്ചതായും Detailed Project Report (D.P.R) തയ്യാറാക്കുന്നത് പുരോഗമിക്കുന്നുണ്ടെന്നും KSEBL അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ